## 15 -ാം കേരള നിയമസഭ

## 2 -ാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 349** — **06-08-2021 - ൽ മറുപടിയ്ക്ക്**

## സ്വാഭാവിക വനസംരക്ഷണം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| പ്രൊഫ . ആബിദ് ഹുസൈൻ തങ്ങൾ ,<br>ശ്രീ എൻ എ നെല്ലിക്കുന്ന് ,<br>ശ്രീ. കെ. പി. എ. മജീദ്,<br>ശ്രീ. അബ്ദുൽ ഹമീദ് പി | | Shri. A. K. Saseendran<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് സ്വാഭാവിക വനസംരക്ഷണം ഉറപ്പാക്കുന്നതിനായി വനാതിർത്തി വേർതിരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ; | (എ) | സംസ്ഥാനത്ത് സ്വാഭാവിക വനസംരക്ഷണം ഉറപ്പാക്കുന്നതിനായി വനാതിർത്തി വേർതിരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. സംസ്ഥാനത്തെ വനാതിർത്തി ഉദ്ദേശം 16,846 കിലോമീറ്ററാണ്. 2016-17 മുതൽ ജണ്ട നിർമ്മാണത്തിൽ കാര്യമായ പുരോഗതി കൈവരിക്കാനായി. 2016-17 ൽ 12,500 ജണ്ടകളും (ഉദ്ദേശം 550 കി.മീ. വനാതിർത്തി), 2017-18 ൽ 14,416 ജണ്ടകളും (ഉദ്ദേശം 680 കി.മീ. വനാതിർത്തി), 2018-19 ൽ 14,618 ജണ്ടകളും (ഉദ്ദേശം 700 കി.മീ. വനാതിർത്തി) നിർമ്മിക്കുകയുണ്ടായി. 2019-20 ൽ 11,779 ജണ്ടകൾ (ഉദ്ദേശം 530 കി.മീ. വനാതിർത്തി) നിർമ്മിക്കുകയുണ്ടായി. 2020- 21 സാമ്പത്തിക വർഷത്തിൽ 16993 ജണ്ടകൾ (ഉദ്ദേശം 700 കി.മീ വനാതിർത്തി) നിർമ്മിച്ചു കഴിഞ്ഞിട്ടുണ്ട്. അവശേഷിക്കുന്ന വനാതിർത്തിയിലെ ജണ്ടകളുടെ നിർമ്മാണം അടുത്ത 2 വർഷങ്ങൾക്കുള്ളിൽ പൂർത്തീകരിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. |
| (ബി) | ഈ നടപടി പൂർത്തിയാക്കാത്തതിനാൽ വനശോഷണം സംഭവിക്കുന്നതായി കണ്ടെത്തിയിട്ടുണ്ടോ; | (ബി) | ഇല്ല |
| (സി) | നശിച്ചുപോയ വനഭാഗങ്ങളിൽ പുതുതായി മരങ്ങൾ വച്ചുപിടിപ്പിക്കുന്നതിനും കാട്ടുതീ മൂലമുള്ള വനനാശം തടയുന്നതിനും സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കുമോ? | (സി) | നശിച്ചതും ക്ഷയിച്ചു പോയതുമായ വനഭാഗങ്ങളിൽ സ്വാഭാവിക രീതിയിലും തദ്ദേശീയ വൃക്ഷങ്ങൾ വച്ചുപിടിപ്പിച്ചും പുനരുജ്ജീവിപ്പിക്കുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. കൂടാതെ, വിദേശ വൃക്ഷവിളത്തോട്ടങ്ങൾ ഘട്ടം ഘട്ടമായി ഒഴിവാക്കി സ്വാഭാവിക വനങ്ങളായി മാറ്റുന്ന പരിസ്ഥിതി പുനസ്ഥാപന പദ്ധതിയും നടപ്പിലാക്കി വരുന്നുണ്ട്.<br>കാട്ടുതീ മൂലമുള്ള വനനാശം തടയുന്നതിനായി |

| | | | |
|---|---|---|---|
| | | | സംസ്ഥാന വനം വകുപ്പിന് കീഴിലുള്ള എല്ലാ സർക്കിളുകളിലും ബ്ലോക്ക് തലം (സ്റ്റേഷൻ/ സെക്ഷനുകൾക്കു കീഴിൽ) മുതൽ ഫയർ സീസ്സണുകളിൽ നടപ്പാക്കേണ്ട കാട്ടുതീ പ്രതിരോധ പ്രവർത്തനങ്ങളെ സംബന്ധിച്ച ഫയർ മാനേജ്മെന്റ് പ്ലാൻ മുൻകൂറായി തയ്യാറാക്കി നടപ്പിലാക്കി വരുന്നു. ഓരോ മേഖലകളിലെയും സാദ്ധ്യതയ്ക്കനുസരിച്ച് ബന്ധപ്പെട്ട ഫയർപ്ലാനിൽ നിഷ്കർഷിച്ചിട്ടുള്ള പ്രതിരോധ പ്രവർത്തനങ്ങൾ (ടി പ്രദേശത്തെ ഇന്ധന ശേഷി കുറയ്ക്കുന്നതിനുള്ള നടപടികൾ, ഫയർ ബ്രേക്ക് നിർമ്മാണം, ഫയർലൈൻ നിർമ്മാണം, ഫയർ ഗ്യാങ്ങുകളെ നിയോഗിക്കുക തുടങ്ങിയവ) നടപ്പിലാക്കുകയും ഫയർ വാച്ചർമാരെ സുരക്ഷക്കായി നിയോഗിക്കുകയും ചെയ്തുവരുന്നു. ഇക്കോ ഡെവലപ്പ്മെൻറ് കമ്മിറ്റി (EDC) / വന സംരക്ഷണ സമിതി (VSS) അംഗങ്ങളെ ഉൾപ്പെടുത്തി ഫയർ ഗ്യാങ്ങുകളെ സൃഷ്ടിക്കുകയും ആവശ്യാനുസരണം ടിയാൻമാരെ കാട്ടുതീ മേഖലകളിലേക്ക് നിയോഗിക്കുകയും ചെയ്യുന്നു. ട്രക്ക് പാത്തുകളും കൂപ്പ റോഡുകളും നവീകരിച്ച് ഉൾക്കാട്ടുകളിൽ വേഗത്തിൽ എത്തി കാട്ടുതീ കണ്ടെത്തി തടയുന്നതിന് വേണ്ട നടപടി സ്വീകരിച്ചിട്ടുണ്ട്. ഫോറസ്റ്റ് സർവ്വേ ഓഫ് ഇന്ത്യയുടെ ഫോറസ്റ്റ് ഫയർ അലർട്ട് സംവിധാനം ഉപയോഗ പ്പെടുത്തുന്നതിന് ഹെഡ് ക്വാർട്ടേഴ്സ് തലത്തിലും ഫീൽഡ് തലത്തിലും 24 മണിക്കൂറും പ്രവർത്തിക്കുന്ന കൺട്രോൾ റൂമുകൾ ഫയർ സീസണിൽ തുറക്കുകയും അഗ്നി പ്രതിരോധ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുകയും ചെയ്തു വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ

<u>വിശദീകരണ കുറിപ്പ്</u>

2016-17 മുതൽ ജണ്ട നിർമ്മാണത്തിൽ കാര്യമായ പുരോഗതി കൈവരിക്കുവാനായി 2016-17 ൽ 12,500 ജണ്ടകളും (ഉദ്ദേശം 550 കി.മീ. വനാതിർത്തി), 2017-18 ൽ 14,416 ജണ്ടകളും (ഉദ്ദേശം 680 കി.മീ. വനാതിർത്തി), 2018-19 ൽ 14,618 ജണ്ടകളും (ഉദ്ദേശം 700 കി.മീ. വനാതിർത്തി) നിർമ്മിക്കുകയുണ്ടായി. 2019-20 ൽ 11,779 ജണ്ടകൾ (ഉദ്ദേശം 530 കി.മീ. വനാതിർത്തി) നിർമ്മിക്കുകയുണ്ടായി. 2020- 21 സാമ്പത്തിക വർഷത്തിൽ 16993 ജണ്ടകൾ (ഉദ്ദേശം 700 കി.മീ വനാതിർത്തി) നിർമ്മിച്ചു കഴിഞ്ഞിട്ടുണ്ട്. അവശേഷിക്കുന്ന വനാതിർത്തിയിലെ ജണ്ടകളുടെ നിർമ്മാണം അടുത്ത 2 വർഷങ്ങൾക്കുള്ളിൽ പൂർത്തീകരിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. വനാതിർത്തികൾ വേർതിരിക്കുന്ന ശ്രമകരമായ ജോലിക്കായി സർവ്വേ വകുപ്പിലെ സർവ്വേയർമാരുടെ സേവനം ആവശ്യത്തിന് ലഭ്യമല്ലാത്തതിലൂടെ ഉണ്ടാകുന്ന കാലതാമസം പരിഹരിക്കുന്നതിലേയ്ക്കായി 2016-17 മുതൽ വനം വകുപ്പിലെ ബീറ്റ് ഫോറസ്റ്റ് ഓഫീസർ /സെക്ഷൻ ഫോറസ്റ്റ് ഓഫീസർ എന്നിവരെ 30 പേർ വീതം അടങ്ങുന്ന ബാച്ചുകളായി സർക്കാർ അധീനതയിലുള്ള മോഡേൺ ഗവൺമെൻറ് റിസർച്ച് & ട്രെയിനിംഗ് സെൻറർ ഫോർ സർവ്വേയിൽ ചെയിൻ സർവ്വെ, ഹയർസർവ്വെ, മോഡേൺ സർവ്വെ എന്നിവയിൽ പരിശീലനം നൽകി അവരുടെ സേവനം വനാതിർത്തി നിർണ്ണയത്തിന് ഉപയോഗപ്പെടുത്തിവരുന്നു. ഇതുവരെ 8 ബാച്ചിലായി 240 ബീറ്റ് ഫോറസ്റ്റ്ഓഫീസർ/സെക്ഷൻ ഫോറസ്റ്റ് ഓഫീസർമാർക്ക് പരിശീലനം നൽകിയിട്ടുള്ളതാണ്. ഈ എണ്ണം ആവശ്യത്തിന് തികയുന്നതാണ്.

കൂടാതെ, 04.04.2016-ലെ GO(P)No.290/16/RD പ്രകാരം കേരള സർവ്വെ & ബൗണ്ടറീസ് റൂൾസ് - 1964, റൂൾ - 101 ഷെഡ്യൂളിൽ വേണ്ട ഭേദഗതി വരുത്തി ചെയിൻ സർവ്വെ, ഹയർസർവ്വെ, മോഡേൺ സർവ്വെ എന്നിവയെല്ലാം പാസ്സായ ബീറ്റ് ഫോറസ്റ്റ് ഓഫീസർ/സെക്ഷൻ ഫോറസ്റ്റ് ഓഫീസർമാരെ അംഗീകൃത സർവ്വേയർമാരായി കണക്കാക്കികൊണ്ട് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്.

സംസ്ഥാനത്തിന്റെ വനഭൂമി സംബന്ധിച്ചുള്ള സർവ്വേ സ്കെച്ചുകളും അനുബന്ധ രേഖകളും വനം വകുപ്പിന്റെ കൈവശമുള്ള മറ്റുരേഖകളും ഭദ്രമായി സൂക്ഷിക്കുന്നതിനായി നൂതന രീതിയിലുള്ള ഒരു റിക്കോർഡ്റൂം കോഴിക്കോട് മാത്തോട്ടം ഫോറസ്റ്റ് കോംപ്ലക്സിൽ 2018 സെപ്റ്റംബർ മുതൽ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ടി രേഖകളെല്ലാം തന്നെ ഡിജിറ്റൈസ് ചെയ്ത് സൂക്ഷിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നുണ്ട്.

നശിച്ചതും ക്ഷയിച്ചു പോയതുമായ വനഭാഗങ്ങളിൽ സ്വാഭാവിക രീതിയിലും തദ്ദേശീയ വൃക്ഷങ്ങൾ വച്ചുപിടിപ്പിച്ചും പുനരുജ്ജീവിപ്പിക്കുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. കൂടാതെ വിദേശ വൃക്ഷവിളത്തോട്ടങ്ങൾ ഘട്ടം ഘട്ടമായി ഒഴിവാക്കി സ്വാഭാവിക വനങ്ങളായി മാറ്റുന്ന പരിസ്ഥിതി പുനസ്ഥാപന പദ്ധതിയും നടപ്പിലാക്കി വരുന്നുണ്ട്.

സംസ്ഥാന വനം വകുപ്പിന് കീഴിലുള്ള എല്ലാ സർക്കിളുകളിലും റെയിഞ്ച് തലം മുതൽ ഫയർ സീസ്സണുകളിൽ നടപ്പാക്കേണ്ട കാട്ടുതീ പ്രതിരോധ പ്രവർത്തനങ്ങളെ സംബന്ധിച്ച ഫയർ മാനേജ്മെൻറ് പ്ലാൻ മുൻകൂറായി തയ്യാറാക്കി നടപ്പിലാക്കിവരുന്നു. മുൻകാലത്ത് കാട്ടുതീയുണ്ടായ സംഭവങ്ങളുടെ അടിസ്ഥാനത്തിൽ വനമേഖലയെ തീ കത്തുന്നതിന് കൂടുതൽ സാദ്ധ്യതയുള്ള മേഖല, മിതമായ സാദ്ധ്യതയുള്ള മേഖല, സാദ്ധ്യത കുറവായ മേഖല എന്നിങ്ങനെ തരം തിരിച്ച് ഫയർ ബ്ലോക്കുകൾ തയ്യാറാക്കുന്നു. ബ്ലോക്ക് അടിസ്ഥാനത്തിൽ ഫോറസ്റ്റ് സ്റ്റേഷൻ/ ഫോറസ്റ്റ് സെക്ഷന് കീഴിൽ ബ്ലോക്ക് തലം മുതൽ ഫയർ പ്ലാനുകൾ തയ്യാറാക്കുകയും അവ ക്രോഡീകരിച്ച് ഫോറസ്റ്റ് സ്റ്റേഷൻ/ സെക്ഷൻ ഫയർ പ്ലാൻ ഉണ്ടാക്കുകയും ആയത് ക്രോഡീകരിക്കുകയും റെയിഞ്ച് ലെവൽ പ്ലാനും, റെയിഞ്ച് ലെവൽ പ്ലാൻ ക്രോഡീകരിച്ച് ഡിവിഷൻ ലെവൽ പ്ലാനും, ഡിവിഷൻ ലെവൽ പ്ലാൻ

ക്രോഡീകരിച്ച് സർക്കിൾ ലെവൽ പ്ലാനും, സർക്കിൾ ലെവൽ പ്ലാനുകൾ ക്രോഡികരിച്ച് സ്റ്റേറ്റ് ലെവൽ ഫയർ പ്ലാനും തയ്യാറാക്കുന്നു. ഓരോ മേഖലകളിലെയും സാദ്ധ്യതയ്ക്കനുസരിച്ച് ബന്ധപ്പെട്ട ഫയർപ്ലാനിൽ നിഷ്കർഷിച്ചിട്ടുള്ള പ്രതിരോധ പ്രവർത്തനങ്ങൾ (ടി പ്രദേശത്തെ ഇന്ധന ശേഷി കുറയ്ക്കുന്നതിനുള്ള നടപടികൾ, ഫയർ ബ്രേക്ക് നിർമ്മാണം, ഫയർലൈൻ നിർമ്മാണം, ഫയർ ഗ്യാങ്ങുകളെ നിയോഗിക്കുക തുടങ്ങിയവ) നടപ്പിലാക്കുകയും ഫയർ വാച്ചർമാരെ സുരക്ഷക്കായി നിയോഗിക്കുകയും ചെയ്തുവരുന്നു.

കാട്ടുതീ ഏതെങ്കിലും വനമേഖലയിൽ ഉണ്ടാവുകയാണെങ്കിൽ ആയത് ഉപഗ്രഹത്തിൻറെ സഹായത്തോടെ കണ്ടെത്തി ബന്ധപ്പെട്ട വനംവകുപ്പ് ഉദ്യോഗസ്ഥർക്ക് വിവരം ലഭിക്കത്തക്കവിധം ഡെറാഡൂൺ ആസ്ഥാനമായ ഫോറസ്റ്റ് സർവ്വേ ഓഫ് ഇന്ത്യ (എഫ്.എസ്.ഐ) ഒരുക്കിയിട്ടുള്ള ഫോറസ്റ്റ് ഫയർ അലർട്ട് സംവിധാനം ഉപയോഗപ്പെടുത്തി വരുന്നുണ്ട്. ഇതിലേയ്ക്കായി സംസ്ഥാനത്തെ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർമാരും വൈൽഡ് ലൈഫ് വാർഡന്മാരും റെയിഞ്ച് ഫോറസ്റ്റ് ഓഫീസർമാരും ഫോറസ്റ്റ് സ്റ്റേഷന്റെ ചാർജ്ജുള്ള ഡെപ്യൂട്ടി റെയിഞ്ച് ഫോറസ്റ്റ് ഓഫീസർമാരും, സെക്ഷൻ ഫോറസ്റ്റ് ഓഫീസർമാരും, ബീറ്റ് ഫോറസ്റ്റ് ഓഫീസർമാരും ഇതിൽ പേര് രജിസ്റ്റർ ചെയ്ത് പ്രസ്തുത സംവിധാനം ഉപയോഗപ്പെടുത്തി വരുന്നു. ഈ സംവിധാനത്തിൽ പൊതുജനങ്ങൾക്കും രജിസ്റ്റർ ചെയ്യാവുന്നതാണ്. അപ്രകാരം പൊതുജനങ്ങളും, വനംവകുപ്പ് ജീവനക്കാരും ഉൾപ്പെടെ കേരളത്തിൽ നിന്നും 5054 പേർ നാളിതുവരെ ഈ സംവിധാനത്തിൽ രജിസ്റ്റർ ചെയ്തിട്ടുണ്ടണ്ട്. എഫ്.എസ്.ഐ മുഖേന ലഭിക്കുന്ന കാട്ടുതീ സാദ്ധ്യത അലർട്ടുകളും തീയുണ്ടാകുന്ന പക്ഷം അവയുടെ അലർട്ടുകളും അതാതു ഡിവിഷൻ കൺട്രോൾ റൂമിൽ അറിയിച്ച് കാട്ടുതീയെ ഫലപ്രദമായി നിയന്ത്രിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു.

അഗ്നി പ്രതിരോധ പ്രവർത്തനങ്ങൾക്ക് മേൽനോട്ടം വഹിക്കാനായി സംസ്ഥാന തലത്തിൽ വനം വകുപ്പ് ആസ്ഥാനത്ത് ഒരു ഫയർ മോണിറ്ററിംഗ് സെൽ 2016 മുതൽ പ്രവർത്തിച്ചു വരുന്നു. ഇതിനു പുറമെ എല്ലാ ഫോറസ്റ്റ് സ്റ്റേഷൻ/ ഫോറസ്റ്റ് സെക്ഷൻ /റെയിഞ്ച്/ ഡിവിഷൻ/ സർക്കിൾ തലങ്ങളിൽ ഫയർ കൺട്രോൾ റൂമുകളും അടിയന്തര സാഹചര്യങ്ങൾ നേരിടാൻ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറുടെ നേരിട്ടുള്ള നിയന്ത്രണത്തിൽ ക്രൈസിസ് മാനേജ്മെൻറ് ടീമും പ്രവർത്തിച്ചുവരുന്നു. ജനുവരി മുതൽ മെയ് വരെയുള്ള ഫയർ സീസണിൽ 24 മണിക്കൂറും ഫയർ കൺട്രോൾ റൂം പ്രവർത്തനക്ഷമമാക്കിയിട്ടുണ്ട്.

| വർഷം | എണ്ണം | ഏരിയ (ഹെക്ടർ) |
|---|---|---|
| 2015-16 | 564 | 2024 |
| 2016-17 | 737 | 2994 |
| 2017-18 | 330 | 1279 |
| 2018-19 | 583 | 1789 |
| 2019-20 | 382 | 716.64 |
| 2020-21 | 166 | 448.41 |

സംസ്ഥാനത്ത് ഒട്ടാകെ 124 ഫോറസ്റ്റ് സ്റ്റേഷനുകൾ സ്ഥാപിച്ച് പ്രവർത്തനം നടന്നു വരുന്നുണ്ട്.

എല്ലാ ഫോറസ്റ്റ് സ്റ്റേഷനുകൾക്കും കാട്ടുതീ പ്രതിരോധമുൾപ്പെടെയുള്ള വനസംരക്ഷണ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിന് ജീപ്പ് നൽകിയിട്ടുണ്ട്. വാച്ചർമാർക്കും, സ്റ്റാഫിനും, ഷൂ, ഫയർബീറ്റർ. സ്പ്രെയർ, വാട്ടർ ബോട്ടിൽ, വാട്ടർ ക്യാൻ, ഫയർ റെയ്ക്ക്, പമ്പ്സെറ്റ് എന്നിവ നൽകിയിട്ടുണ്ട്. ഇതിനുപുറമെ കാട്ടുതീ തടയുന്നതിനായി ആധുനിക സാങ്കേതിക വിദ്യയിൽ പ്രവർത്തിക്കുന്ന രണ്ട് 'മിനി ഫയർ റെസ്പോണ്ടർ ' വാഹനങ്ങൾ ഉപയോഗിച്ച് വരുന്നുണ്ട്. കൂടുതൽ മിനി ഫയർ റെസ്പോണ്ടർ വാഹനങ്ങളും, കാട്ടുതീ സംരക്ഷണ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്ന ജീവനക്കാർക്ക് ഭാരം കുറഞ്ഞ സംരക്ഷണ കവചങ്ങൾ, മുഖകവചങ്ങൾ, പോർട്ടബിൾ ഓക്സിജൻ സിലിണ്ടറുകൾ, പോർട്ടബിൾ ഫയർ എക്സ്റ്റിംഗ്യൂഷറുകൾ തുടങ്ങിയവ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. വിവിധ ബഡ്ജറ്റ് ശീർഷകങ്ങളിൽ ലഭിക്കുന്ന ഫണ്ടുകൾ പൂൾ ചെയ്ത് കാട്ടുതീ പ്രതിരോധ പ്രവർത്തനങ്ങൾക്കായി വിനിയോഗിക്കുന്നു. ഇതിൽ 50 ശതമാനം തുക പങ്കാളിത്ത വന പരിപാലനം വഴിയുള്ള അഗ്നി പ്രതിരോധ പ്രവർത്തനങ്ങൾക്കായി ഉപയോഗിക്കുന്നു.

കാട്ടുതീ നിയന്ത്രണത്തിനായുള്ള വെള്ളത്തിനായി വനപ്രദേശങ്ങളിലെ നീരുറവകൾ വറ്റി പോകാതെ വനത്തിനകത്തുതന്നെ മഴവെള്ളം സംഭരിച്ചു നിർത്താനും അതുവഴി വനത്തിനകത്ത് ആദ്രത നിലനിർത്തി കാട്ടുതീയുടെ സാധ്യത കുറയ്ക്കാനും സാധിക്കുന്നുണ്ട്. ഇതിൻറെ ഭാഗമായി നിലവിലുള്ള 150-ഓളം കുളങ്ങൾ, ചെക്ക് ഡാമുകൾ എന്നിവയിൽ അടിഞ്ഞുകൂടിയ മണ്ണ് നീക്കം ചെയ്ത് ആഴം കൂട്ടിയിട്ടുണ്ട്. മണ്ണ് സംരക്ഷിച്ച് ജലാംശം നിലനിറുത്തുന്നതിന് ഗള്ളി പ്ലഗ്ഗിങ്ങും നടത്തുന്നു.

ഇക്കോ ഡെവലപ്പ്മെൻറ് കമ്മറ്റി (EDC) / വന സംരക്ഷണ സമിതി (VSS) അംഗങ്ങളെ ഉൾപ്പെടുത്തി ഫയർ ഗാങ്ങുകളെ സൃഷ്ടിക്കുകയും ആവശ്യാനുസരണം ടിയാൻമാരെ കാട്ടുതീ മേഖലകളിലേക്ക് നിയോഗിക്കുകയും ചെയ്യുന്നു.

ജനങ്ങളെ ബോധവാൻമാരാക്കുന്നതിന് വിവിധ വന ഡിവിഷനുകളിലായി ബോധവൽക്കരണ പരിപാടികളും, ലഘുലേഖ വിതരണം, റാലികൾ/ തെരുവ് നാടകം/പരിസ്ഥിതി മാജിക്ക്/ റോഡ്ഷോ എന്നിവ സംഘടിപ്പിക്കുന്നു. കൂടാതെ പ്രാദേശിക ടെലിവിഷൻ ചാനലിലൂടെ കാട്ടുതീ പ്രതിരോധ സന്ദേശം നൽകുന്ന ഹ്രസ്വചിത്രങ്ങൾ പ്രദർശിപ്പിക്കുകയും എക്സിബിഷനുകളും, സൗജന്യ മെഡിക്കൽ ക്യാമ്പുകളും സംഘടിപ്പിക്കുകയും, പോക്കറ്റ് കലണ്ടറുകൾ തുടങ്ങിയ പ്രചരണോപാധികൾ വിതരണം നടത്തുകയും ചെയ്യുന്നു.

കാട്ടുതീയെ ഫലപ്രദമായി നേരിടുന്നതിനുള്ള പരിശീലനം, ഫയർ & റെസ്ക്യൂ സർവ്വീസസ് ഡിപ്പാർട്ടുമെൻറുമായി സഹകരിച്ച് വനം വകുപ്പ് ജീവനക്കാർക്ക് നൽകി വരുന്നുണ്ട്. പങ്കാളിത്ത വനപരിപാലന പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്തൊട്ടാകെ 427 വി.എസ്.എസ്, 213 ഇ.ഡി.സി. എന്നിവ പ്രവർത്തിച്ചു വരുന്നുണ്ട്. എല്ലാ ഇക്കോ ഡെവലപ്പ്മെൻറ് കമ്മറ്റി (EDC) / വന സംരക്ഷണ സമിതി (VSS) അംഗങ്ങളെയും ഉൾപ്പെടുത്തി ഫയർ ഗാങ്ങുകളെ സൃഷ്ടിക്കുകയും ഓരോ മേഖലയിലെയും ആവശ്യാനുസരണം അവരെ കാട്ടുതീ പ്രതിരോധ പ്രവർത്തനങ്ങൾക്കായി നിയോഗിക്കുകയും ചെയ്യുന്നുണ്ട്. ടി വി.എസ്.എസ് ലെയും, ഇ.ഡി.സി കളിലെയും തിരഞ്ഞെടുക്കപ്പെട്ട അംഗങ്ങൾക്ക് കാട്ടുതീ നേരിടുന്നതിനുള്ള പരിശീലനം നൽകിയിട്ടുണ്ട്.